# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി എം.16/1634/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി എം.16/1634/2021 തീയ്യതി: 06/11/2021

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ. പി., ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ ഗഫൂർ. സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഇദ്രീസ് അബ്ദുള്ള.എ.സി., ഓഡിറ്റർ
ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| | | | |
|---|---|---|---|

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വി. പി സുഹറ റസാഖ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ജെമിനി.എ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ. ടി.കെ ബാബു | സെക്രട്ടറി | 24-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെമിനി.എ.സി | അസി.സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി.ബിന്ദു ആർ | അസി.സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. നിഷാന്ത് എം.എൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 30-05-2019 | 31-03-2020 |
| ശ്രീമതി. അനിത സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. സനു കൃഷ്ണ വി.സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. അംജദ് കെ.പി.ഒ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഡെൻസി പി സൈമൺ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.രാജീവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. അനിത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ജസീന ഹമീദ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി ) | 01-04-2019 | 30-04-2019 |
| ഡോ.നിഷ പി.ബി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി ) | 01-05-2019 | 29-05-2019 |
| ശ്രീമതി മഞ്ജു.സി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.സൂര്യ നാരായണൻ | വെറ്ററിനറി സർജൻ | 01-04-2019 | 09-10-2019 |
| ഡോ. സൗമ്യ മുരളീധരൻ | വെറ്ററിനറി സർജൻ | 10-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Sujitha.P.K (Auditor, On 03-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 11-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 03-10-2021)<br>Last Updated By: Sujitha.P.K (Auditor, On 05-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-11 |
| 12 | ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-12 |
| 13 | പ്രിന്റർ ലഭ്യമാക്കാത്തതിനാൽ ചെവല് തടസ്സം ചെയ്യുന്നു.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-13 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-14-1 |
| 16 | വെള്ളക്കരം അടവാക്കൽ സംയുക്ത പരിശോധന നടത്തിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-15 |
| 17 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകത<br>Written By: Idrees Abdulla A.C. (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-16 |

| | | |
|---|---|---|
| 18 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.<br>Written By: Idrees Abdulla A.C. (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-17 |
| 19 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-18 |
| 20 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 16409 രൂപ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 1-19 |
| 21 | ഫ്രണ്ട് ഓഫീസ് റൂം നവീകരണം - പൊളിച്ചെടുത്ത സാമഗ്രികൾ -വിനിയോഗ വിവരമില്ല<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-20 |
| 22 | വി.ഇ.ഒ ഓഫീസ് നിർമ്മാണം- മാർഗ്ഗരേഖക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-21 |
| 23 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-22 |
| 24 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-23 |
| 25 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-24 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 06-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 05-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Sujitha.P.K (Auditor, On 04-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 04-10-2021)<br>Last Updated By: Unni.P (Deputy Director, On 27-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 21.02.2019 | തീരുമാന നം 1(1) തിയ്യതി 25.03.2020 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.06.2020 | _ | _ |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5705512 |
| വരവ് | 62990877 |
| ആകെ | 68696389 |
| ചെലവ് | 60857401 |
| നീക്കിയിരിപ്പ് | 7838988 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14866741 | 14866741 | 11321700 | 3545041 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3964882 | 3964882 | 2925228 | 1039654 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3815000 | 3815000 | 2300459 | 1514541 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4085000 | 4085000 | 3611882 | 473118 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10608615 | 10608615 | 5771657 | 4836958 |
| ജനറൽ പർപ്പസ് ഫണ്ട് | | 896808 | 10637000 | 11533808 | 10180578 | 1353230 |
| എസ്.ബി.എെ ഇ-പെയ്മെന്റ് | | 194606 | 16321070 | 16515676 | 14457604 | 2058072 |
| ദുരിതാശ്വാസ നിധി | | 1306 | 111730 | 113036 | 27000 | 86036 |
| സാക്ഷരത | | 1341 | 46 | 1387 | 0 | 1387 |
| പൈക്ക | | 587194 | 18705 | 605899 | 0 | 605899 |
| ടി.എസ്.സി | | 1185570 | 299333 | 1484903 | 0 | 1484903 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | എെ.സി.ഡി.എസ് | 1439676 | 893619 | 2333295 | 2062702 | 270593 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | എം.ജി.എൻ.ആർ.ഇ.ജി.എസ് | 196544 | 13353645 | 13550189 | 12857497 | 692692 |
| ബി.ഫണ്ട് | | 0 | 20042400 | 20042400 | 20042400 | 0 |

1-4 (1): ഗ്രാന്റ് സ്റ്റേറ്റുമെന്റ് 2019-20

1. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം ഡെവലപ്മെന്റ് ഫണ്ട് (ജനറൽ)ചിലവ് 12831959 രൂപയാണ് എന്നാൽ എ.സി.ആർ. പ്രകാരം 11321700രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക 1510259)

2. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി.)ചിലവ് 2969346 രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം 2925228രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക 44118രൂപ)

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 123423091 | 93 | 44919222 | 95 | 38 | 41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 196544 | 1263551 | 1460095 | 767403 | 692692 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12090094 | 12090094 | 12090094 | 0 |
| ആകെ | 196544 | 13353645 | 13550189 | 12857497 | 692692 |

കുറിപ്പ്- AFS പ്രകാരം MGNREGS ആകെ ചെലവ് 12857497 ആണെങ്കിലും ക്യാഷ് ബുക്ക് പ്രകാരം 13025941 രൂപയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 286800 | 43 |
| വിധവാപെൻഷൻ | 6466200 | 1052 |
| വാർദ്ധക്യകാലപെൻഷൻ | 7754700 | 1368 |
| വികലാംഗപെൻഷൻ | 2043200 | 370 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 87600 | 14 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ കാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തനത് ഫണ്ട് വച്ച് അംഗീകാരം വാങ്ങിയ മിക്ക പദ്ധതികളും റിവിഷനിൽ ഫണ്ട് മാറ്റി അംഗീകാരം വാങ്ങിയതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സിനെപ്പറ്റി വ്യക്തമായി ധാരണയില്ലാത്തതിനാലാണ് ഇത്തരം വീഴ്ചകൾ സംഭവിച്ചിട്ടുള്ളത്.
2. ഗ്രാമ പഞ്ചായത്തിലെ വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തുകൾ ചെലവഴിക്കുന്നുണ്ടെങ്കിലും സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം ഉറപ്പാക്കിയിട്ടില്ല. ഇത് വഴി വരുന്ന അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
3. വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖാ ലംഘനം നടന്നിട്ടുണ്ട്.(ഖണ്ഡിക 1-16)
4. റോഡുകളുടെ സംരക്ഷണത്തിനും കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിനും പ്രധാനമായും ഉപയോഗിക്കേണ്ട

മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.(ഖണ്ഡിക 1-26 കാണുക)

5. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഖണ്ഡിക 1-11 ൽ അപാകതകളുടെ വിശദ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

6. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും ദുർബല വിഭാഗത്തിന് വേണ്ടി 835 ലക്ഷത്തിന്റെ പദ്ധതി (അഗതി രഹിത കേരളം) തയ്യാറാക്കിയെങ്കിലും ഭക്ഷണ കിറ്റ് മാത്രമാണ് ഇവർക്ക് നൽകിയത്. കോടികളുടെ പദ്ധതി തയ്യാറാക്കിയെങ്കിലും പ്ലാൻ ഫണ്ടിൽ നിന്നും കേവലം 75000 രൂപ മാത്രമാണ് അഗതി രഹിത കേരളത്തിനായി പദ്ധതി 2019-20 വർഷത്തൽ ഫണ്ട് വകയിരുത്തിയത്. പദ്ധതി കാലയളവ് 2018 മുതൽ 2021 വരെയാണ്. 2018, 2019 വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. പദ്ധതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2021 | 05/2020 മുതൽ 02/2021 | 22.04.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.01.2009 | 2004-05 മുതൽ 2008-09 | 25.11.2009 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) താഴെ പറയുന്ന (വരവിനങ്ങളുടെ ഡി.സിബി രജിസ്റ്ററിൽ വരവുകളുടെ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല) വാർഷികകണക്ക് പ്രകാരം ഉള്ള വരവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം വരവ് |
|---|---|
| Permit Fee For Contraction Of Buildings | 115802/- |
| Building Regularaisation Fee | 70871/- |
| Profession Tax Employees | 668730/- |

2) ബാലൻസ് ഷീറ്റ് B4- ഷെഡ്യൂളിലെ TSC ഗ്രാന്റ് ഇനത്തിൽ 1484903/-രൂപ ബാലൻസ് ഉണ്ട് എന്നാൽ B17 ഷെഡ്യൂളിലെ അക്കൌണ്ട് പ്രകാരം 1808672/- രൂപയാണ് ബാലൻസ്.

3) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് (Financial Statemement) പ്രകാരമുള്ള ആകെ ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ക്യാഷ് ബുക്ക് (Financial Statemement) പ്രകാരമുള്ള വരവ് | 13025941/-രൂപ |
| വാർഷികകണക്ക് പ്രകാരമുള്ള വരവ് | 12857497/-രൂപ |

4) വാർഷികകണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ബാലൻസ് താഴെ ചേർക്കുന്നു.

| | |
|---|---|
| Contractor’s Earnest Money Deposit | 95900 |
| Supplier’s Earnest Money Deposit | 25550 |
| Bidder’s Earnest Money Deposit | 50550 |
| Contractor’s Security Deposit | 15500 |
| Bidder’s Security Deposit | 2640 |
| Contractor’s Retension | 6853 |
| Auction Deposit | 5100 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ മേൽ ഇനങ്ങളുടെ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല

5) അഡ്വാൻസ് രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

6) തൻവർഷത്തിൽ ആർജ്ജിച്ച സ്റ്റോക്ക്, സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാവര ജംഗമ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ വർക്ക് ഷീറ്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) വാർഷികകണക്ക് പ്രകാരമുള്ള വരവുകൾ ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.എഫ്.എസ് പ്രകാരമുള്ള വരവ് | ഡി.സി.ബി രജിസ്റ്റർ |
|---|---|---|
| Permit Fee For Running Machinery | 8000 | 9600 |
| Belated Fee | 5000 | 6350 |

## 1-12 ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങിയത് സ്റ്റോക്കിൽ എടുത്തില്ല

2019-20-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.240/20)പദ്ധതിയിൽ ഉൾപ്പെടുത്തി 50000 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച് (വൗച്ചർ നം.21900648/15.1.20 )അക്ഷര ബുക്ക് തിരൂരിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നും മാത്രം എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. കൂടാതെ ബുക്ക് മാർക്കറ്റിൽ നിന്നും വാങ്ങാൻ നിർദ്ദേശം ഉണ്ടെന്നിരിക്കെ അക്ഷര ബുക്കിൽ നിന്നും വാങ്ങിയത് ശരിയായ നടപടിയല്ല. സ്റ്റോക്കിലെടുക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.3/4.10.21 നൽകിയതിന്പുസ്തകങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-13 പ്രിന്റർ ലഭ്യമാക്കാത്തതിനാൽ ചെവല് തടസ്സം ചെയ്യുന്നു.

19-20-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.16/20)പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി 47601 രൂപ (കമ്പ്യൂട്ടർ 32875,പ്രിന്റർ 14726) മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്ന് കെൽട്രോണിന് Proforma Invoice No.TVM/ITBG/P1/RC/12366/19-20 Dt.11.12.19 പ്രകാരം നൽകിയിട്ടുണ്ട്.(ബിൽ നം.30/18.2.20) എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ല.പ്രിന്റർ ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.1/4.10.21നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.തുക തിരികെ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നമ്പർ എ 2.5565/19 തി.16.11.20 പ്രകാരം കെൽട്രോണിനോട് ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ടെങ്കിലും തുക ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക 14726 തടസ്സം ചെയ്യുന്നു.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2019-20 സെക്രട്ടറി നിർവ്വഹണം നടത്തിയ SSA വിഹിതം അടവാക്കൽ (പ്രൊജക്ട് നം.1/20)എന്ന പദ്ധതിക്കായി 450000 രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് (ബിൽ നം6/9.8.19)അടവാക്കിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2/4.10.21 നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-14-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2019-20 സെക്രട്ടറി നിർവ്വഹണം നടത്തിയ IKM വിഹിതം നൽകൽ

(പ്രൊജക്ട് നം.2/20)ൽ ഐ.കെ.എം. വിഹിതം നൽകാനായി 73000 രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് (ബിൽ നം10/23.9.19)അടവാക്കിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.2/4.10.21 നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-15 വെള്ളക്കരം അടവാക്കൽ സംയുക്ത പരിശോധന നടത്തിയില്ല

2019-20-ൽ ഗ്രാമ പഞ്ചായത്തിലെ വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ താഴെപ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്

| ക്രമ നം | കാലയളവ് | നിരക്ക് | ടാപ്പുകളുടെ എണ്ണം | തുക | വൗച്ചർ നം./ ബിൽ നം./ തിയ്യതി | ഫണ്ട് |
|---|---|---|---|---|---|---|
| 1 | 4/19 | 5250/Year | 172 | 75250 (5250/12 X172) | 2190047/24.4.19 | തനത് ഫണ്ട് |
| 2 | 5/19 | ,, | ,, | 75250 | 2190095/22.5.19 | ,, |
| 3 | 6/19 | ,, | ,, | 75250 | 2190157/29.6.19 | ,, |
| 4 | 7/19 | ,, | ,, | 75250 | 2190216/9.7.19 | ,, |
| 5 | 8/19 | ,, | 180 | 78750 | 2190278/14.8.19 | ,, |

| | | | | | | |
|---|---|---|---|---|---|---|
| | | | | (5250/12x180) | | |
| 6 | 9/19 | „ | „ | 78750 | 2190349/27.9.19 | „ |
| 7 | 10/19 | „ | „ | 78750 | 2190427/28.10.19 | „ |
| 8 | 11/19 | „ | „ | 78750 | Bill.No. 16/19.11.19 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 9 | 12/19 | „ | „ | 78750 | Bill.No. 18/20.12.19 | „ |
| 10 | 1/20 | „ | „ | 78750 | Bill.No. 19/18.1.20 | „ |
| 11 | 2/20 | „ | „ | 78750 | Bill.No. 27/18.1.20 | „ |
| 12 | 3/20 | „ | „ | 78750 | Bill.No. 34/11.3.20 | „ |
| | ആകെ | | | 931000 | | |

A4 -450/19 തി.18.10.19 പ്രകാരം സംയുക്തപരിശോധനക്കായി വാട്ടർ അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ട്. സംയുക്തപരിശോധന പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 5/4.10.21 നൽകിയതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ലന്ന് മറുപടി ലഭ്യമാക്കി.സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതും ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

.

## 1-16 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ- 10/2019-20

അടങ്കൽ-320000(പൊതു വിഭാഗം സാധാരണ വിഹിതം), 1900 (തനത് ഫണ്ട്)

ചെലവ്-317550(പൊതു വിഭാഗം സാധാരണ വിഹിതം)

ബിൽ നമ്പർ-06/2019-20 തീയതി-30.11.2019

മേൽ പ്രോജക്റ്റ് സ.ഉ(കൈ)നം. 22/2018 തീയതി 14.02.2018 മാർഗരേഖയിലെ വയോജന സൗഹൃത പരിപാടികളുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ളതാണ്. പ്രോജക്റ്റ് പ്രകാരം 317550/- രൂപ ചെലവഴിച്ച് 74 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്.
മാർഗരേഖയിലെ ഖണ്ഡിക 7.1.13 പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ ലഭിക്കുന്നതിന് അർഹതയുള്ളത്. എന്നാൽ സിദീഖ് ചെക്കുംപ്പാട്ടിൽ എന്ന ഗുണഭോക്താവിന്റെ ജനന വർഷം രേഖകൾ പ്രകാരം (ആധാർ നം.214716601658) 1973 ആണ് ( 47 വയസ്സ് ). അറുപത് വയസ്സ് കഴിഞ്ഞിട്ടില്ലാത്ത ഗുണഭോക്താവിന് കട്ടിൽ വിതരണം ചെയ്തത് മാർഗരേഖക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നം. 09/2019-20/06.10.2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖ പ്രകാരമല്ലാതെ ചെലവഴിച്ച 4291/-രൂപ തടസ്സം ചെയ്യുന്നു.

## 1-17 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

1) സീനത്ത് W/O സലീം കമ്പിളിപ്പറമ്പിൽ എന്നവർ 2014-15 വർഷത്തിൽ പഞ്ചായത്ത് ഭവന പദ്ധതിയുടെ ഭാഗമായി 50000/- രൂപ കൈപ്പറ്റുകയും തറപ്പണി മാത്രം പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ലൈഫ് ഭവന പദ്ധതിയുടെ ഫേസ് 1 (2017-18) ൽ ഉൾപ്പെടുത്തി 100000/-രൂപ കൂടി അനുവദിച്ചു. എന്നാൽ വീട് പണി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വാങ്ങിയ തുക പലിശ സഹിതം തിരിച്ച് പിടിക്കുന്നതിന് 28.11.2019 ലെ പഞ്ചായത്ത് കമ്മിറ്റി (തീരുമാന നമ്പർ -1) തീരുമാനിച്ചിരുന്നു. എന്നാൽ തുക തിരിച്ചടവാക്കാത്തതിനെ തുടർന്ന് 21.07.2020 ലെ പഞ്ചായത്ത് കമ്മിറ്റി കോവിഡ്-സാമ്പത്തിക ഞെരുക്കം പരിഗണിച്ച് തുക അടവാക്കുന്നതിന് 3 മാസത്തെ ഇളവ് നൽകിയിരുന്നു.

2) 2018-19ൽ ലൈഫ് ഭവന പദ്ധതിയിലൂടെ വീട് നിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയ ഫാത്തിമ കുന്നമ്മൽ എന്നവർക്ക് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടതിനാൽ പണി പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ കൈപ്പറ്റിയ ആദ്യഗഡു, 40000/- രൂപ പലിശ സഹിതം തിരിച്ച് പിടിക്കുന്നനിതിന് 21.07.2020 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു.
എന്നാൽ മേൽ പറഞ്ഞ രണ്ട് ഗുണഭോക്താക്കളിൽ നിന്നും നാളിതു വരെ തുക തിരികെ ഈടാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഭരണസമിതി തലത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(08/06.10.2021)ക്ക് മറുപടിയായി മേൽ ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി

നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2019-20 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സരസ്വതി വിദ്യാനികേതൻ,കാളാട് | I&II |
| 2 | ഇസ്സത് ഇംഗ്ലീഷ് മീഡിയം സ്കൂൾ,കാളാട് | I&II |

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2019-20 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എ.ഇ (LSGD) യുടെ ഓഫീസ് | I |
| 2 | സബ് പോസ്റ്റ് ഓഫീസ്,നിറമരുതൂർ | II |
| 3 | ഇസ്സത് ഇംഗ്ലീഷ് മീഡിയം സ്കൂൾ,കാളാട് | II |

3. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന പി.എച്ച്.സി തേവർകടപ്പുറം എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാർ 2019-20 സാമ്പത്തികവർഷം രണ്ടാം അർദ്ധവർത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | രണ്ടാം അർദ്ധവർത്തെ വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|---|
| 1 | ഡോ.മുഹമ്മദ് സാലിഹ് | ഡോക്ടർ, ഈവനിംഗ് ഒ.പി-പി.എച്ച്.സി തേവർകടപ്പുറം | 250000 | 1250 |
| 2 | ശ്രീമതി നൂർജഹാൻ | ഫാർമസിസ്റ്റ്, ഈവനിംഗ് ഒ.പി-പി.എച്ച്.സി തേവർകടപ്പുറം | 100000 | 1000 |
| | ആകെ | | | 2250 |

മേൽ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും(എൻക്വയറി നം.41/07.10.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 16409 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ

ദീർഘിപ്പിക്കലിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | വള്ളിക്കാഞ്ഞീരം AMLP സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം (SO156/20)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- 3,00,000<br>ബിൽ നം - 6/10.5.19- 288809<br>മൂല്യ നിർണ്ണയം -288809<br>PAC-298961 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം - 46/14-15,17/18-19<br>കരാറുകാരൻ - ശ്രീ. P.മുകുന്ദൻ<br>കരാർ- AE/LSGD/NMR/3/17-18<br>Dtd.9.11.17 | 9.11.17 | 8.5.18 വരെ<br>(6 മാസം) | 2.3.19 | 16409<br>9.5.18 മുതൽ 8.8.18 വരെ 2989.61<br>9.8.18 മുതൽ 8.11.18 വരെ 5979<br>9.11.18 മുതൽ 8.2.19 വരെ 5979<br>9.2.19 മുതൽ 2.3.19 വരെ 1461.53 |
| | ആകെ | | | | 16409 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 28/ 6.10.21 (2019-20)). പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 16409 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 ഫ്രണ്ട് ഓഫീസ് റൂം നവീകരണം - പൊളിച്ചെടുത്ത സാമഗ്രികൾ -വിനിയോഗ വിവരമില്ല

പ്രോജക്റ്റ് നമ്പർ - 231/20

ഫണ്ട് -വികസന – 1,80,000

തനത് ഫണ്ട്-1,20,000

ബിൽ നം. 40/18.1.20 – 180000

ചെക്ക് - 21900568/9.12.18-111661

മൂല്യ നിർണ്ണയം - 291661

അളവ് പുസ്തകം- 92/19-20

കരാറുകാരൻ -ശ്രീ. P.മുകുന്ദൻ

കരാർ. AE/LSGD/NMR/48/18-19 Dtd.18.12.18

TS-3,00,000

Cost Index – 37.25 (2016 DAR)
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി നിലവിലുള്ള കെട്ടിടത്തിന്റെ ഗ്രിൽ, ജനവാതിലുകൾ എന്നിവ പൊളിച്ചുമാറ്റിയിട്ടാണ് അവിടെ ഫ്രണ്ട് ഓഫീസിന് വേണ്ടി പുതിയ റൂം ഉണ്ടാക്കിയത്. അളവ് പുസ്തകം പേജ് 1 പ്രകാരം പൊളിച്ചുമാറ്റിയ സാമഗ്രികൾ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട് എന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

26.8.19 ലെ 9(1) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി ഗ്രാമ പഞ്ചായത്തിന്റെ മതിലിനോട് ചേർന്ന് ഉണ്ടായിരുന്ന ഗ്രൽസ് നീക്കം ചെയ്തത് ചക്കരമൂല അംഗനവാടിക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി തീരുമാനം എടുത്തിട്ടുണ്ട്. ടി പ്രവൃത്തിക്ക് വേണ്ടി പ്രസ്തുത ഗ്രിൽ ഉപയോഗിച്ചതായി കാണുന്നില്ല. പൊളിച്ചെടുത്ത സാമഗ്രികൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 32 /6.10.21 (2019-20))മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 വി.ഇ.ഒ ഓഫീസ് നിർമ്മാണം- മാർഗ്ഗരേഖക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ്- SO 219/20

അടങ്കൽ - 3,00,000

ബിൽ 44/20.1.20 തുക 274560

മൂല്യനിർണ്ണയം - 274560

അളവ് പുസ്തകം -62/18-19

കരാറുകാരൻ - ശ്രീ. V.ദാമോദരൻ

ഫണ്ട്- MG(NR)

കോസ്റ്റ് ഇൻഡക്സ് 37.25%

Est. No – 2018/94053

മേൽ പ്രവൃത്തി പ്രകാരം നിലവിലുള്ള പഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിൽ വി.ഇ.ഒ ഓഫീസായി ഉപയോഗിക്കുന്നതിന് പുതിയ കെട്ടിടം പണിതിട്ടുണ്ട്. 3 ലക്ഷം അടങ്കലുള്ള ഈ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 2,74.560 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 75326/FM1/2007/LSGD തി. 30.1.2008 പ്രകാരം തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയുടെ നിർമ്മാണത്തിനും മെയിന്റനൻസിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് കൈമാറിയ കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് പ്രധാനമായും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്.

സർക്കുലറിന് വിരുദ്ധമായി നടപ്പാക്കിയ ചെലവിൻമേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 36/ 7.10.21 (2019-20)). സർക്കുലറിന് വിരുദ്ധമായി നൽകിയ ചെലവിൻമേൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് പ്രയാസം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ

അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാറുടമ്പടി നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 25/ 6.10.21 (2020-21)). അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 27/ 6.10.21 (2019-20)). അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-24 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 2020-21വർഷത്തിൽ 1,19,392 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഏതാനും പ്രവൃത്തികളിലൊഴികെ ഭൂരിപക്ഷം പ്രവൃത്തികളിലും ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 30/ 6.10.21 (2019-20)). കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ- അവലോകനം

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 132 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 64 പ്രൊജക്ടുകളിലായി ആകെ 1,19,39230 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 132 | ആകെ അടങ്കൽ | 2,79,59693 |
| നടപ്പിലാക്കിയത് | 64 | ചെലവ് | 1,19,39230 |
| ശതമാനം | 48.48 | ചെലവ് ശതമാനം | 42 |

മേൽ പദ്ധതികളിൽ 66 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 13 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

lv) എല്ലാ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസം നൽകിയതായി കാണുന്നു. ചെറിയ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും 5 ലക്ഷം രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും പൂർത്തീകരണ കാലയളവ് ഒരുപോലെ നൽകിയത് ക്രമപ്രാകാരമല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 250000 | പ്രൊ.നം.11 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | 28920 | | പ്രൊ.നം.161 ലൈഫ് ഭവന പദ്ധതി | 10000 | 18920 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2500000 | പ്രൊ.നം.54 ലൈഫ് ഭവന പദ്ധതി | 2188700 | 311300 |
| | | 315500 | പ്രൊ.നം.79 നെൽകൃഷി വികസനം-വിത്ത് കൂലി ചെലവ് | 315500 | 0 |
| | | 153560 | പ്രൊ.നം.87 പരിരക്ഷ പദ്ധതി | 147970 | 5590 |
| | | 470000 | പ്രൊ.നം.192 തറയിൽ കുളങ്ങര എസ്.സി റോഡ് സൈഡ് സംരക്ഷണം | 412632 | 57368 |
| ആകെ | 28920 | 3689060 | | 3324802 | 393178 |

1).പ്രൊജക്റ്റ് നം. 256/18 (192/20) (തറയിൽ കുളമ്പാറ എസ്.സി. റോഡ് പ്രൊട്ടക്ഷൻ )ന്റെ ബാലൻസ് തുക 59969/- വൗച്ചർ നം.21900823 തീയതി 12-03-2020 പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടവാക്കി.
2). ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ചതിൽ ചെലവഴിക്കാത്ത തുക 5600/-രൂപ (വൗച്ചർ നം.21900489 തീയതി 23-10-19 പ്രകാരം)തിരിച്ചടവാക്കി

3). 2018-19 വാർഷിക കണക്കിൽ ബി4-ഷെഡ്യൂൾ പ്രകാരം Contribution For Joint Venture Project (For Review Expenditue) From Block Panchayat എന്ന ഹെഡിൽ 7035661/-രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ തുകയിൽ നിന്നും വൗച്ചർ നം.41900208 തീയതി 31-03-2020 പ്രകാരം 469060/-രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിലെ ബി4-ഷെഡ്യൂൾ പ്രകാരം ഈ ഹെഡിലെ നീക്കിയിരിപ്പ് 1292632/-രൂപയാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | ലഭ്യമല്ല | 7800000 | 8607145 | 948322 | - | 15458823 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2019-20വർഷത്തിൽ വരവ് ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം - 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി-നഷ്ടം-4750/രൂപ<br>2(3) സ്ഥാപന തൊഴിൽ നികുതി -പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം - 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/Spl.Cell/Csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(C)1156/17 High Court Of Kerala Interest Stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62990877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60857401 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 542017 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 14726 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-14 | 450000 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |

| | | |
|---|---|---|
| 1-14-1 | 73000 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-16 | 4291 | ശ്രീമതി. ഡെൻസി സൈമൺ (എ.സി.ഡി.എസ് സൂപ്പർവൈസർ) |
| | 542017 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം.17/3372/16 തിയതി 27-05-17 | 3 |
| 2006-07 | എൽ.എഫ്.എം16/1494/11 തിയതി 15-11-11 | 7 |
| 2007-08 | എൽ.എഫ്.എം17/2037/11 തിയതി 13-06-12 | 7 |
| 2008-09 | എൽ.എഫ്.എം16/2038/11 തിയതി 25-04-2012 | 18 |
| 2009-10, 2010-11 | എൽ.എഫ്.എം17/350/2014 തിയതി 5-6-14 | 21 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/1919/2016 19-09-2016 | 18 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2123/2017 തീയതി 11.01.2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020 തിയതി 06-03-2020 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്